പദ്ധതിയാണ് സെൻട്രൽ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുള്ളത് എന്നതു കൊണ്ട് അവർ ആ രീതിയിൽ വിഭാവനം ചെയ്യുകയും 50 ശതമാനം വെയിറേജ് റോഡുകൾക്കും 50 ശതമാനം വെയിറേജ് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള എക്സ്ക്ലൂസീവ് ബെനിഫിറ്റിനും വേണ്ടി ചെലവഴിക്കണമെന്ന് പറഞ്ഞതുകൊണ്ട് ഡി. ആർ. ഡി. എ. പ്രൊപ്പോസ് ചെയ്ത വർക്കുകൾ ഡൽഹിയിൽ അപ്രൂവലിനുവേണ്ടി പോയപ്പോൾ അവർ 50 ശതമാനമാക്കി കുറച്ചതുകൊണ്ട് ചില റോഡുകൾ മാറേണ്ടിവന്നിട്ടുണ്ട്. അതിനകത്ത് യാതൊരു രാഷ്ട്രീയ പരിഗണനകളും മറ്റുള്ള പരിഗണനകളും ഉണ്ടായിട്ടില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: എ. ഐ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. സ്കീമുകളിലും അതുപോലെതന്നെ മറ്റു പരിപാടികൾക്കുമെല്ലാം ഡി. ആർ. ഡി. എ. യിൽ സംഖ്യ വകകൊള്ളിക്കുന്നത് അവിടത്തെ കർഷകത്തൊഴിലാളികളുടേയും ഹരിജനങ്ങളുടേയും മറ്റു ദുർബ്ബല വിഭാഗങ്ങളുടേയും മാർജിനൽ ഫാർമേഴ്സിനേറയും കണക്കെടുത്തിട്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ ഞങ്ങളുടെ അനുഭവത്തിൽ കഴിഞ്ഞവർഷവും ഈ വർഷവുമൊക്കെ എറണാകുളം ജില്ലയിൽ ഡി. ആർ. ഡി. എ.ക്ക് ഫണ്ട് അനുവദിച്ചു വന്നത് അവിടത്തെ ഡി. ആർ. ഡി. എ. യുടെ അഭിപ്രായപ്രകാരമോ, ഉദ്യോഗസ്ഥൻമാരുടെ അഭിപ്രായപ്രകാരമോ അല്ലായെന്നും മറിച്ച് അവിടെ അനുവദിച്ച സംഖ്യയെപ്പറ്റി ചോദ്യമുണ്ടായപ്പോൾ അത്. ഇവിടത്തെ ഗവൺമെൻറുതന്നെ ഓരോ നിയോജക മണ്ഡലങ്ങളിലേക്കും ഓരോ ബ്ലോക്കിലേക്കും ഇത്രയിത്ര തുകയെന്ന് ഫിക്സ് ചെയ്ത് അയക്കുകയാണെന്നും അതനുസരിച്ചുള്ള സ്കീംസ് ഉണ്ടാക്കാൻ മാത്രമേ ഡി. ആർ. ഡി. എ. ക്ക് അവകാശമുള്ളു എന്നുമാണ് മനസ്സിലാക്കാൻ സാധിച്ചത്. അത് മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? മന്ത്രി പറഞ്ഞതിൻെറ അടിസ്ഥാനത്തിലാണെങ്കിൽ ഇത്തരം പരിഗണനകളൊന്നുമില്ലാതെ സ്വാധീനമുപയോഗിച്ച് കൂടുതൽ വർക്ക് ഇവിടെനിന്നുതന്നെ അലോട്ട് ചെയ്യുന്ന ഏർപ്പാട് മേലാലെങ്കിലും ഇല്ലാതാക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. ഇതിന് ചില വ്യക്തമായ ഗൈഡ്ലൈൻസ് സെൻട്രൽ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ട്. ആർക്കും അതു വെട്ടിക്കുറക്കാനോ കൂട്ടാനോ കഴിയുകയില്ല. കേന്ദ്ര ഗവൺമെൻറാണ് ഓരോ ബ്ലോക്കുകൾക്കും പണം അനുവദിക്കേണ്ട നിർദ്ദേശം അയച്ചുതന്നിട്ടുള്ളത്. പിന്നെ വേറൊരു പ്രധാനപ്പെട്ട കാര്യം 1981-ലെ സെൻസസിൻെറ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഈ തുക അനുവദിക്കുന്നത്. ആ സെൻസസിനുശേഷം തീർച്ചയായിട്ടും ഈ രാജ്യത്തെ കർഷകത്തൊഴിലാളികളുടേയും ഹരിജനങ്ങളുടേയും മറ്റു പിന്നോക്ക ജനവിഭാഗങ്ങളുടേയും എണ്ണം വർദ്ധിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കുള്ള സാമ്പത്തിക സഹായം

*84 [86] ശ്രീ. കെ. പങ്കജാക്ഷൻ: താഴെകാണുന്ന ചോദ്യത്തിന് ഗ്രാമ വികസന വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

എൻ. ആർ. ഇ. പി. തുടങ്ങിയ പദ്ധതികളിലൂടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സഹായം, അവരിലൊരു നല്ല വിഭാഗത്തിന്, മതപരിഗണനകളുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്നില്ല എന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): എൻ. ആർ. ഇ. പി. തുടങ്ങിയ പദ്ധതികളിലൂടെ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് നൽകേണ്ട സാമ്പത്തിക സഹായം മതപരിഗണനയുടെ അടിസ്ഥാനത്തിൽ നല്ലൊരു വിഭാഗത്തിന് ലഭിക്കുന്നില്ലായെന്നവസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. കെ. പങ്കജാക്ഷൻ: ഭവനനിർമ്മാണ പദ്ധതികൾക്ക് സഹായങ്ങൾ നൽകുന്നതിൽ ക്രിസ്ത്യാനികൾ എന്നപേരിൽ ഒരു നല്ല വിഭാഗം ഹരിജന–ഗിരിജന വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നില്ല ഇത് ബ്ലോക്കിന്റെ ആഭിമുഖ്യത്തിലുള്ള കമ്മിറ്റികളിൽ പരിഗണനയ്ക്കു വരികയും ഇവർക്ക് ഈ കാരണംകൊണ്ട് കൊടുക്കാൻ സാദ്ധ്യമല്ലെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് എന്റെ നിയോജകമണ്ഡലത്തിൽ പ്രത്യേകിച്ച് ഒരു വലിയ വിഭാഗം ഹരിജന–ഗിരിജന വിഭാഗങ്ങൾക്ക് ഈ സഹായം ലഭിക്കുന്നില്ലായെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപെടുത്തുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: റൂറൽ ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ് നടപ്പിലാക്കുന്ന 3 പ്രധാനപ്പെട്ട പദ്ധതികൾ ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. ഇവയാണ്. ഐ. ആർ. ഡി. പി. യുടെ ആനുകൂല്യം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ ആളുകൾക്കും കിട്ടുന്നുണ്ട്. 15.83 ലക്ഷം കുടുംബങ്ങളെയാണ് സർവേയിലൂടെ കേരളത്തിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയവ തൊഴിൽദാന പദ്ധതികളാണ്. അതനുസരിച്ച് എല്ലാവർക്കും തൊഴിൽ കിട്ടുന്നുണ്ട്, ഹരിജനങ്ങളുൾപ്പെടെ എല്ലാ സമുദായത്തിൽപ്പെട്ടവർക്കും ഈ ആനുകൂല്യം കിട്ടുന്നുണ്ട്: കമ്മ്യൂണിറ്റി ബെനിഫിറ്റ്, എക്സ്ക്ലൂസീവ് ബെനിഫിറ്റ് എന്നിങ്ങനെ രണ്ടുതരത്തിലാണ് ഈ പദ്ധതികൾ നിലവിലുള്ളത്. ഹരിജന–ഗിരിജന വിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ വേണ്ടിയിട്ടാണ് എക്സ്ക്ലൂസീവ് ബെനിഫിറ്റുകൊണ്ടുദ്ദേശിക്കുന്നത്, പക്ഷേ ക്രിസ്ത്യൻ കൺവർട്ട്സിന് ഈ ആനുകൂല്യം കൊടുക്കാൻ നിവൃത്തിയില്ല. ഹരിജനങ്ങളായിരുന്നവർ ക്രിസ്തുമതം സ്വീകരിച്ചുവരികയാണെങ്കിൽ ഹരിജനങ്ങളുടെ പട്ടികയിൽ പെടാത്തതുകൊണ്ട് അത് കൊടുക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ. പങ്കജാക്ഷൻ: ഇതിലുള്ള വിവേചനം കണക്കിലെടുത്ത് സംസ്ഥാന ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ഹരിജന–ഗിരിജന വിഭാഗങ്ങളിൽനിന്ന് ക്രിസ്ത്യാനിയായി കൺവർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഇപ്പോഴും ഇവർ പുലയ ക്രിസ്ത്യാനിയും, പറയ ക്രിസ്ത്യാനിയും ഒക്കെയായിട്ടാണ് അറിയപ്പെടുന്നത്. ഇങ്ങനെ കൺവെർട്ടുചെയ്തവർക്കുവേണ്ടി എങ്ങോ ഒരു കോർപ്പറേഷൻ ഉണ്ടാക്കിയിട്ടുണ്ട്. അതിന് ഇപ്പോൾ അഡ്രസ്സുമില്ല, തലവനുമില്ല. 3 ലക്ഷം രൂപയാണ് അതിന് അനുവദിച്ചുകൊടുത്തിട്ടുള്ളത്. ആ ദുർഗ്ഗതിയുംകൂടി കണക്കിലെടുത്ത് ഈ വിവേചനം അവസാനിപ്പിക്കുന്നതിന് സംസ്ഥാനഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ വികസന വകുപ്പിൽനിന്നും അവർക്ക് ഭവന നിർമ്മാണ സഹായം നൽകുന്നതിനുള്ള വിവേചനം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: ഇക്കാര്യത്തെപ്പറ്റി കേന്ദ്ര ഗവൺമെന്റുമായും ബന്ധപ്പെട്ട മന്ത്രിയുമായും ചർച്ചചെയ്ത അവസരത്തിൽ അദ്ദേഹം പറഞ്ഞത് ഇതാണ്. സിക്ക് മതത്തിൽനിന്നും കൺവർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത ആളുകളുണ്ട്, ബുദ്ധമതത്തിൽനിന്നും കൺവർട്ട് ചെയ്ത ആളുകളുണ്ട്, പാഴ്സി മതത്തിൽനിന്നും കൺവർട്ട് ചെയ്ത ആളുകളുണ്ട്, ഇവർക്കെല്ലാം ഹരിജനങ്ങൾക്ക് ഇപ്പോൾ കിട്ടുന്ന ആനുകൂല്യം കൊടുക്കാൻ കേന്ദ്രഗവൺമെൻറിന് ബുദ്ധിമുട്ടുണ്ടെന്നാണ് കേന്ദ്ര മന്ത്രി ശ്രീ. ജി. എസ്. ധില്ലൻ എന്നോട് വ്യക്തമാക്കിയത്. അതു കൊണ്ട് തൽക്കാലം ഇത് പരിഹരിക്കാൻ സെൻട്രൽ ഗവൺമെൻറിന് ബുദ്ധിമുട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചിട്ടുണ്ട്. ഈ പ്രശ്നം ഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നതുകൊണ്ടാണ് അവരുമായി സംസാരിച്ചത്.

ശ്രീ. സി. എഫ്. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി സിക്കുമതത്തിൽനിന്നും, പാഴ്സി മതത്തിൽനിന്നും മതപരിവർത്തനം ചെയ്തവരെക്കുറിച്ചു കേന്ദ്രഗവൺമെൻറ് പറഞ്ഞകാര്യം വ്യക്തമാക്കി. ഇവിടെ ശ്രീ. കെ. പങ്കജാക്ഷൻ പറഞ്ഞത് ആ നിലയിലുള്ളവരല്ല. കഴിഞ്ഞ കുറേ തലമുറകളായി ഹരിജനങ്ങളായി കഴിഞ്ഞിട്ടുള്ളവർ മതപരിവർത്തനം ചെയ്തു എങ്കിലും അവരുടെ സാമ്പത്തികമായ അവശതകൾ അതേ രീതിയിൽതന്നെ നിലനിൽക്കുകയാണ്, അതുകൊണ്ട് നമ്മുടെ പ്രധാനമന്ത്രി ഇപ്പോൾ എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി., സ്കീമുകളുടെ പ്രയോജനം ടൗണുകളിലേക്കുകൂടി വ്യാപിപ്പിക്കാൻ ആലോചിച്ചുകൊണ്ടിരിക്കുന്ന ഈ സമയത്ത് സമയോചിതമായി ഇടപെട്ടുകൊണ്ട് കേന്ദ്രഗവൺമെൻറിൽ നല്ല സ്വാധീനംകൂടിയുള്ള നമ്മുടെ ഗ്രാമവികസന വകുപ്പുമന്ത്രി കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് മതപരിവർത്തനം ചെയ്ത ഹരിജനങ്ങൾക്ക് അവരുടെ അവസ്ഥ പരിഗണിച്ച് ഈ സ്കീമുകളുടെ പ്രയോജനം അവർക്കുകൂടി പ്രയോജനപ്പെടുത്തുവേണ്ടി പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രീ. രമേശ് ചെന്നിത്തല: ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് കേന്ദ്രഗവൺമെൻറിന് ഇത് പരിഗണിക്കാൻ ബുദ്ധിമുട്ടുണ്ട് എന്നുള്ള കാര്യം അറിയിച്ചിട്ടുണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ്: ഇപ്പോൾ കളക്ടർമാർ, വില്ലേജ് ഓഫീസർമാർക്കും, തഹസീൽദാർമാർക്കും, 4 നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഒന്ന് ഹിന്ദുവായി കൺവെർട്ടുചെയ്ത ഹരിജനങ്ങളുടെ കുട്ടികൾക്ക് ഹിന്ദുവെന്നുള്ള നിലയിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കിട്ടുന്നുണ്ടെങ്കിലും പേരിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ അവർക്ക് ഹിന്ദു മിഷനിൽനിന്നും ശുദ്ധീകരിച്ച സർട്ടിഫിക്കറ്റുവേണം. രണ്ടാമതായിട്ട് ഗസറ്റിലെ നോട്ടിഫിക്കേഷൻ വേണം. മൂന്നാമതായിട്ട് അവർ വീണ്ടും ഹിന്ദുവായിത്തന്നെ കഴിയുന്നുവെന്നുള്ളതിന്റെ തെളിവ്. നാലാമതായിട്ട് ഇവർ മൂന്നു തലമുറകൾക്കുമുമ്പ് ഹിന്ദുവായിരുന്നുവെന്നുള്ളതിന് തെളിവ്. ഈ നിർദ്ദേശങ്ങളിൽ ഒടുവിൽ പറഞ്ഞ മൂന്നും നാലും നിർദ്ദേശങ്ങൾ ആർക്കും തെളിയിക്കാൻ കഴിയുകയില്ല. ഒരാൾ ഹിന്ദു ആണെന്ന് അയാൾ പറഞ്ഞാൽമതി. മൂന്നുതലമുറകൾക്കുമുമ്പ് ഇവർ ഹിന്ദുവായിരുന്നു എന്നുള്ളതിനു തെളിവ് ഹാജരാക്കാൻ ആർക്കും സാധിക്കുകയില്ല. അതുകൊണ്ട് ഈ നിർദ്ദേശങ്ങളിൽ അയവുവരുത്തി ഹിന്ദു മിഷന്റെ സർട്ടിഫിക്കറ്റും ഗസറ്റ് നോട്ടിഫിക്കേഷനുമുള്ളവർക്ക് ആനുകൂല്യം കൊടുക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല: ഇന്ത്യൻ ഭരണഘടന അനുസരിച്ചുതന്നെ ഒരാൾ ഹരിജനാണെന്ന് തെളിയിക്കുന്നതിന് ഹിന്ദുമത വിശ്വാസിയായിരിക്കണം എന്നുള്ള പ്രത്യേക നിബന്ധന ഉള്ളപ്പോൾ നമുക്ക് ഒരു മാറ്റം വരുത്താൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഹരിജനങ്ങൾക്ക് പ്രത്യേകമായ പരിഗണന നൽകുന്നതിനുവേണ്ടി അവർ മുന്നോട്ടുവന്നാൽ അവരുടെ സബ്കമ്മിറ്റികൾ ഈ ജോലി ഏറ്റെടുത്തു നടത്താനുള്ള ഒരു സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: ഈ വർക്കുകൾ ഏറ്റെടുക്കുന്നത് ജനകീയ കമ്മിറ്റികൾ നിശ്ചയിക്കുന്ന നോമിനികളാണ്. ഹരിജനങ്ങൾക്കാണെങ്കിലും മറ്റ് സമുദായത്തിൽപ്പെട്ടവർക്കാണെങ്കിലും നോമിനികളാകാമെന്നുള്ളതുകൊണ്ടാണ് ഈ രാജ്യത്ത് നിലനിൽക്കുമ്പോൾ ഈ ചോദ്യം ഇവിടെ പ്രസക്തമല്ല.

ശ്രീ. ടി. എസ്. ജോൺ: പട്ടികജാതി-പട്ടികവർഗ്ഗത്തിൽനിന്ന് സിക്കുമതത്തിലേക്ക് മതപരിവർത്തനം ചെയ്തിട്ടുള്ള ആളുകൾക്ക് പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ മുഴുവൻ ആനുകൂല്യങ്ങളും ഇപ്പോൾ ലഭ്യമാകുന്നുണ്ട്. ഈ നിയമസഭ പാസ്സാക്കിയ കർഷകത്തൊഴിലാളി ബില്ലിലും പട്ടികജാതി-പട്ടികവർഗ്ഗത്തിലേക്ക് മതപരിവർത്തനം നടത്തിയവർക്ക് ആനുകൂല്യം കൊടുക്കുന്നുണ്ട്. ആ നിലയ്ക്ക് മതപരിവർത്തനം ചെയ്ത പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് എസ്. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. സ്കീമുകളുടെ ആനുകൂല്യം ലഭ്യമാക്കാൻ വേണ്ടിയുള്ള ഒരു ശ്രമംകൂടി ഗവൺമെന്റ് നടത്തുമോ?

ശ്രീ. രമേശ് ചെന്നിത്തല: പട്ടിക വർഗ്ഗക്കാർക്ക് ഈ ആനുകൂല്യം കൊടുക്കുന്നുണ്ട്. ട്രൈബൽസിനും ട്രൈബൽസിൽനിന്നും കൺവെർട്ട് ചെയ്ത ക്രിസ്ത്യാനികൾക്കും ഈ ആനുകൂല്യം തുടർന്നു ലഭ്യമാകുന്നുണ്ട്. പട്ടികജാതിക്കാർക്ക് ഇന്ന് ഈ ആനുകൂല്യം ലഭിക്കുന്നില്ല. ഇത് കേന്ദ്രഗവൺമെന്റിന്റെ നിയമമാണ്. അതിന് ഭേദഗതി വരുത്താൻ നമുക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല.

ശ്രീ. എസ്. ശോവീന്ദക്കുറുപ്പ്: ചെന്നിത്തല പഞ്ചായത്തിൽ പടിഞ്ഞാറേവഴി വാർഡിൽ ഒരു ഹരിജൻ കോളനിയിൽ ആർ. എൽ ഇ. ജി. പി. സ്കീം അനുസരിച്ച് വീടുകൊടുത്തു. 20 വീടുകൾ കൊടുത്തതിന്റെ നടുക്ക് അവർ ക്രിസ്ത്യാനികളായി പണ്ടെങ്ങാണ്ട് കൺവെർട്ട് ചെയ്തവരാണെന്നുപറഞ്ഞ് രണ്ടുവീട് ഓലമേഞ്ഞതാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങളുള്ളപ്പോൾ അതിന് പരിഹാരം കാണാൻ പരിശ്രമം നടത്തുമോ?

ശ്രീ. രമേശ് ചെന്നിത്തല: ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് പരിശോധിക്കുന്നതാണ്.

തൊഴിൽ സമരംമൂലം പൂട്ടിക്കിടക്കുന്ന തൊഴിൽ ശാലകൾ

* 85 [87] ശ്രീ. വി. സി. കബീർ:
,, കെ. ശങ്കരനാരായണപിള്ള:
,, പി. വിജയദാസ്:
,, എ. കെ. ശശീന്ദ്രൻ:
,, എ. സി. ഷൺമുഖദാസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 മേയ് 31-ന് കേരളത്തിലെ എത്ര തൊഴിൽശാലകൾ സമരംമൂലം പൂട്ടിക്കിടക്കുന്നുവെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly